പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3156 28.01.2014 -ൽ മറുപടിക്ക്

## ആറ്റിങ്ങൽ മണ്ഡലത്തിലെ വികസന പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബി. സത്യൻ | ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പു മന്ത്രി) |
| എ) പട്ടികജാതി - പിന്നോക്ക മേഖലയായ ആറ്റിങ്ങൽ നിയോജകമണ്ഡലമുൾപ്പെടുന്ന പ്രദേശത്ത് ഏതെല്ലാം പൊതുമരാമത്ത് പ്രവൃത്തികളാണ് 2013 - 14 ബഡ്ജറ്റ് ശുപാർശകളിലുൾപ്പെടുത്തിയിട്ടുള്ളതെന്നും ഇവയിലേതൊക്കെ പ്രവൃത്തികൾക്ക് ഇതുവരെ ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും റോഡുകളും പാലങ്ങളും കെട്ടിടങ്ങളും തിരിച്ച് വ്യക്തമാക്കാമോ; | എ)<br>ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ 2013-14 ബഡ്ജറ്റിൽ പാലം നിർമ്മാണത്തിന് പുതിയ ശുപാർശകളൊന്നും ഉൾക്കൊള്ളിച്ചിട്ടില്ല. ആറ്റിങ്ങൽ നിയോജക മണ്ഡലത്തിൽ 2013-14 വർഷത്തിൽ കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി ദേശീയപാത 47 ൽ കടമ്പോട്ടുകോണം (കി.മീ 520/400) മുതൽ മാമം (കി.മീ 538/00) വരെയുള്ള ഭാഗത്തിന്റെ ഉപരിതലം പുതുക്കൽ (IRQP) നടത്തിയിട്ടുണ്ട്. ടി മണ്ഡലത്തിൽ കെട്ടിട വിഭാഗത്തിൽ 2013-14 ബഡ്ജറ്റ് ശുപാർശകളിലുൾപ്പെടുന്ന ഒരു പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടില്ല. |
| ബി) പട്ടികജാതി പിന്നോക്കമേഖലയായ ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലുൾപ്പെടുന്ന പ്രദേശത്തിന്റെ വികസനത്തിന് പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | ബി)<br>ആറ്റിങ്ങൽ നിയോജകമണ്ഡലമുൾപ്പെടുന്ന പ്രദേശത്തിന്റെ വികസനത്തിന് താഴെ പറയുന്ന പാലങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനു വേണ്ടിയുള്ള പ്രാരംഭനടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. നഗരൂർ കാരേറ്റ് റോഡിലെ ചേർക്കാരം പാലം പുനർനിർമ്മാണം.<br>2.കിളിമാനൂർ ആറ്റിങ്ങൽ റോഡിലെ കൊച്ചുപാലം പുനർനിർമ്മാണം.<br>3. നഗരൂർ കാരേറ്റ് റോഡിലെ നഗരൂർ പാലം പുനർനിർമ്മാണം.<br>4. അഞ്ചുതെങ്ങ് കായലിനു കുറുകെ കായിക്കരകടവ് പാലം പുനർനിർമ്മാണം.<br>ഒന്നു മുതൽ മൂന്നുവരെയുള്ള പ്രവൃത്തികളുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളുടെ ടെണ്ടർ വിളിച്ചിട്ടുണ്ട്. നാലാമത്തെ പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യ ഏറ്റെടുത്ത |

നടത്തുന്ന ദേശീയപാത 47 ഓച്ചിറ മുതൽ തിരുവനന്തപുരം വരെയുള്ള ഭാഗം നാലു വരിയായി വികസിപ്പിക്കുന്ന പദ്ധതിയിൽ ആറ്റിങ്ങൽ മണ്ഡലത്തിലെ ദേശീയപാതയുടെ വികസനവും ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ